## 4

# യേശു,
# ദൈവപുത്രൻ

യേശുക്രിസ്തു ദൈവപുത്രനാണ് എന്ന സത്യം ക്രിസ്ത്യാനിത്വത്തിന്റെ കേന്ദ്ര ബിന്ദുവാണ്. നമ്മുടെ മതത്തിന്റെ കേന്ദ്രം ക്രിസ്തുവാകുന്നു (1 കൊരിന്ത്യർ 3:11), നമ്മുടെ പ്രസംഗ വിഷയം (പ്രവൃത്തികൾ 8:35; 1 കൊരിന്ത്യർ 1:23), നമ്മുടെ ഏറ്റുപറയൽ വിഷയം (മത്തായി 10:32), നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം (1 തിമൊഥെയൊസ് 1:1). അവനാണ്. അതുകൊണ്ട്, അവനിൽ ശക്തമായ വിശ്വാസം ആവശ്യമാണ് (യോഹന്നാൻ 8:24). ക്രിസ്തുവിന്റെ ദൈവികത്വത്തെ വിശ്വസിക്കുവാൻ മതിയായ കാരണങ്ങൾ നിരവധിയുണ്ട്. വിശ്വസിക്കാൻ വേണ്ടത്ര തെളിവുകൾ തരാതെ ഒന്നും വിശ്വസിപ്പാൻ ദൈവം നമ്മോട് ആവശ്യപ്പെട്ടിട്ടില്ല (യോഹന്നാൻ 20:31). തെളിവ് ശക്തമാണ്, അതാണ് നൂറ്റാണ്ടുകളായി ആയിരക്കണക്കിന് ആളുകളെ വിശ്വസിപ്പിച്ചത്. യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുവാൻ ചില തെളിവുകൾ ഈ പാഠത്തിൽ നല്കുന്നുണ്ട്. അവയെ ശ്രദ്ധയോടെ പരിശോധിക്കുക. നിങ്ങൾ ശക്തമായി വിശ്വസിച്ചു കഴിഞ്ഞു എങ്കിൽ, ശാന്തമായി ശിഷ്യന്മാർ ചെയ്തതുപോലെ പ്രാർത്ഥിക്കുക, “കർത്താവേ, എന്റെ വിശ്വാസം വർദ്ധിപ്പിക്കേണമേ.” നിങ്ങളിൽ സംശയഭാരമുണ്ടെങ്കിൽ, ഭൂതബാധിതനായ കുട്ടിയുടെ അപ്പൻ മർക്കൊസ് 9:24-ൽ ചെയ്തതുപോലെ പ്രാർത്ഥിക്കുക, “ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസം പൊറുക്കേണമേ.”

### അവൻ പഴയനിയമ പ്രവചനങ്ങൾ നിറവേറ്റുന്നതുകൊണ്ട്

യേശു ജനിക്കുന്നതിന് മുൻപുള്ള ചില പ്രവചനങ്ങളെ പരിഗ

ണിക്കുക. അവന്റെ ജനനം പ്രവചിക്കപ്പെട്ടു. അവന്റെ വംശാവലിയിൽ അബ്രഹാം, യഹൂദയും ദാവീദും (ഉല്പത്തി 12:3/മത്തായി 1:2; ഉല്പത്തി 49:10/മത്തായി 1:2, 6) ഉൾപ്പെടുന്നു. അബ്രഹാമിന് ധാരാളം പിൻഗാമികളുണ്ടായിരുന്നു, എങ്കിലും ആ കുടുംബത്തെ പ്രത്യേകമായി പ്രവചിച്ചിരുന്നു (യിരെമ്യാവ് 23:5; യെശയ്യാവ് 11:1/മത്തായി 1:6). അവന്റെ കന്യകാജനനം യെശയ്യാവ് 7:14-ൽ മുന്നറിയിക്കയും മത്തായി 1:18-25-ൽ നിറവേറുകയും ചെയ്തു. ജനനസ്ഥലം ബെത്‌ലഹേമായി തിരഞ്ഞെടുക്കപ്പെട്ടു (മീഖാ 5:2). അവന്റെ ജനനത്തെത്തുടർന്ന് അനേക കുട്ടികളെ കൊല്ലുമെന്നും പ്രവചിച്ചിരുന്നു (യിരെമ്യാവ് 31:15/മത്തായി 2:16-18).

അവൻ മിസ്രയിമിലേക്ക് ഓടിപ്പോകുന്നതും പ്രവാചകന്മാർ മുന്നറിയിച്ചിരുന്നു (ഹോശേയ 11:1/മത്തായി 2:13-15), അവന്റെ ഗലീലിയിലെ ജീവിതം (യെശയ്യാവ് 9:1, 2/മത്തായി 4:12-16), അവന്റെ വിജയകരമായ യെരുശലേം പ്രവേശനം (സെഖര്യാവ് 9:9/മത്തായി 21:1-11). അവന്റെ പ്രവൃത്തിയും പ്രവചിക്കപ്പെട്ടിരുന്നു. അവന് മുൻപായി വഴിയൊരുക്കുന്നവൻ വരുമെന്ന് പ്രവാചകന്മാർ പറഞ്ഞിരുന്നു (മലാഖി 3:1; യെശയ്യാവ് 40:3/മത്തായി 3:1-3). അവന്റെ സൗഖ്യ ശുശ്രൂഷയേയും അവർ അറിയിച്ചിരുന്നു (യെശയ്യാവ് 53:4/മത്തായി 8:16, 17). അവൻ ഉപമകളാൽ പഠിപ്പിക്കുമെന്ന് (യെശയ്യാവ് 6:9, 10/മത്തായി 13:10-17), ജാതികളുടെ ഇടയിലെ അവന്റെ ദൗത്യം (യെശയ്യാവ് 42:1-4/മത്തായി 12:15-21), പ്രമാണിമാർ അവനെ ത്യജിക്കുമെന്നും പറഞ്ഞിരുന്നു (സങ്കീർത്തനങ്ങൾ 118:22/യോഹന്നാൻ 1:11).

യേശുവിന്റെ മരണം വിശദമായി തന്നെ പ്രവചനത്തിലുണ്ട് തന്റെ സ്നേഹിതൻ അവനെ മുപ്പത് വെള്ളിക്കാശിനുവേണ്ടി (സെഖര്യാവ് 11:12/മത്തായി 26:14-16) ഒറ്റിക്കൊടുക്കുമെന്ന് പഴയനിയമത്തിൽ കാണിച്ചിരുന്നു (സങ്കീർത്തനങ്ങൾ 41:9/മത്തായി 26:47-50). തന്റെ ശത്രുക്കളുടെ മുൻപിൽ അവനോട് എങ്ങനെ പെരുമാറുമെന്നും പുരാതന എഴുത്തുകാർ മുന്നറിയിച്ചിരുന്നു (യെശയ്യാവ് 53:7/മത്തായി 27:12, 14), അവൻ എങ്ങനെ മരിക്കുമെന്നും (സങ്കീർത്തനങ്ങൾ 22:16/മത്തായി 27:35), അവന്റെ വസ്ത്രം അവർ എങ്ങനെ ചീട്ടിട്ടു പങ്കിടുമെന്നും പറഞ്ഞിരുന്നു (സങ്കീർത്തനങ്ങൾ 22:18/മത്തായി 27:35). മരണസമയത്ത് അവന്റെ വാക്കുകളും മുന്നറിയിച്ചിരുന്നു (സങ്കീർത്തനങ്ങൾ 22:1/മത്തായി 27:46), അവന്റെ അസ്ഥികൾ ഒടിയുകയില്ല എന്നും

(സങ്കീർത്തനങ്ങൾ 34:20/യോഹന്നാൻ 19:33), അവന്റെ വിലാപുറത്ത് കുത്തുമെന്നും (സെഖര്യാവ് 12:10/യോഹന്നാൻ 19:37), അവന്റെ അടക്കം (യെശയ്യാവ് 53:9/മത്തായി 27:57-60), അവന്റെ ഉയർത്തെഴുന്നേല്പും (സങ്കീർത്തനങ്ങൾ 16:10/ലൂക്കൊസ് 24:1-9; പ്രവൃത്തികൾ 2:25-32), അവന്റെ സ്വർഗ്ഗാരോഹണവും മുന്നറിയിച്ചിരുന്നു (സങ്കീർത്തനങ്ങൾ 68:18/ലൂക്കൊസ് 24:50-53).

രക്ഷകൻ വരുന്നതിനെക്കുറിച്ച് പ്രവാചകന്മാർ പറയുന്നത് താരതമ്യേന ലളിതമാണ്. എങ്കിലും, പ്രത്യേകമായി മുന്നൂറിലധികം പ്രവചനങ്ങൾ കൂട്ടി ചേർക്കുന്നത് നിഷേധിക്കാനാവാത്ത സത്യത്തിന്റെ ചട്ടക്കൂടാണ് അവർ നല്കുന്നത്.

ഈ പ്രവചനങ്ങൾ നിറവേറിയതിന്റെ അർത്ഥം എന്തെന്ന് ചിന്തിക്കുക. മനുഷ്യ ബുദ്ധിക്കോ ദീർഘവീക്ഷണത്തിനോ ഇരുപത്തിനാല് മണിക്കൂറിന് ശേഷമുള്ള ഭാവി സംഭവത്തെക്കുറിച്ച് മുൻകൂട്ടി തികച്ചും ശരിയായി പറയുവാൻ സാദ്ധ്യമല്ല. രാഷ്ട്രീയ തിരഞ്ഞെടുപ്പിന് മുൻപ് മാധ്യമങ്ങളിലൂടെ രാജ്യത്തിലുടനീളം, തിരഞ്ഞെടുപ്പ് ഫലം - മുൻകൂട്ടി പ്രവചിക്കാറുണ്ട്! നാനൂറ് വർഷങ്ങൾക്ക് ശേഷം, വരുന്ന പ്രസിഡന്റിന്റെ ജന്മസ്ഥലം, വംശം, വിദ്യാഭ്യാസം കാലദൈർഘ്യം, സ്ഥലം, മരണരീതി എന്നിവ പ്രവചിക്കുന്നതുപോലെ ആയിരുന്നു യേശുവിനെക്കുറിച്ചുള്ള പ്രവചനം.

വാസ്തവത്തിലുള്ള പ്രവചനം പരിശോധിക്കാമായിരുന്നു, അത് ഭാവിസംഭവങ്ങളെ വെളിപ്പെടുത്തിയിരുന്നു. യാദൃശ്ചികമായി നിറവേറാനിടയില്ലാത്ത കാര്യങ്ങൾ അതിൽ വിശദമായി അടങ്ങുന്നു. ചരിത്രത്തിൽ അത് നിറവേറിയശേഷം മാത്രമേ ഒരു പ്രവചനം കൃത്യമായിരുന്നു എന്ന് പറയാൻ കഴിയൂ. വാക്കാലോ, എഴുതപ്പെട്ടതോ ആയ തെളിവുകളില്ലെങ്കിൽ പ്രവചനം നിറവേറൽ അസാധുവാക്കുന്നു. അത് ഒരു വശത്ത് യേശു ദൈവമായിരുന്നു എന്നും, അവനെക്കുറിച്ച് എഴുതിയ പ്രവാചകന്മാർ ദൈവശ്വാസീയരായിരുന്നു എന്ന് മറുവശത്തും തെളിയിക്കുന്നു.

## താൻ ദൈവമാണെന്ന് അവകാശപ്പെട്ടത് അവന്റെ പ്രവൃത്തികളുമായി യോജിക്കുന്നു

യേശു തന്നെക്കുറിച്ച് ധീരമായ അവകാശങ്ങൾ ഉന്നയിച്ചിരുന്നു. താൻ അബ്രഹാമിന് മുൻപേ ഉണ്ടായിരുന്നു എന്ന് അവൻ പറഞ്ഞു (യോഹന്നാൻ 8:58), ലോകമുണ്ടാകുന്നതിന് മുൻപ് അവൻ

ദൈവത്തോട് കൂടെ ആയിരുന്നു (യോഹന്നാൻ 17:5, 24), (യോഹന്നാൻ 6:38, 62) അവന് സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ഉണ്ടായിരുന്നു (മത്തായി 28:18). മുൻപ് ജീവിച്ച ഒരു മനുഷ്യന്റെ പുനരവതാരമായിരുന്നില്ല അവൻ; മറിച്ച്, അവൻ ഭൂമിയിൽ മനുഷ്യരൂപത്തിലുള്ള ദൈവമായിരുന്നു (യോഹന്നാൻ 1:1-18). അവന്റെ ദൈവികത്വത്തെ നിഷേധിക്കുന്നവർ അവനെ ഒരു "നല്ല" മനുഷ്യനായി പറയുന്നു. എങ്ങനെയായാലും, അവൻ അവകാശപ്പെട്ടതുപോലെ അവനായിരുന്നില്ലെങ്കിൽ, അവൻ ഭോഷ്ക്കും വഞ്ചനയും ഉള്ളവൻ - തീർച്ചയായും ഒരു "നല്ല" മനുഷ്യൻ ആകയില്ല!

അവന്റെ പ്രവൃത്തികൾ തന്റെ അവകാശവാദങ്ങൾ ശരി എന്ന് തെളിയിച്ചു. യേശു ധാരാളം അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. ബൈബിൾ ചരിത്രകാരന്മാർ അവന്റെ അത്ഭുത പ്രവൃത്തികളെ പരിശോധിച്ചിരുന്നു (മത്തായി 11:4, 5; യോഹന്നാൻ 20:30, 31). ഭൗതിക ചരിത്രകാരന്മാർ പോലും അവന്റെ അത്ഭുതപ്രവൃത്തികളെ പരിശോധിച്ചിരുന്നു.

അവന്റെ പ്രവൃത്തികളും വാക്കുകളും ഒന്നുതന്നെയായിരുന്നു. അവൻ പറഞ്ഞു, "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" (യോഹന്നാൻ 8:12); പിന്നെ അവൻ കുരുടനെ വെളിച്ചം കാണുമാറാക്കി (യോഹന്നാൻ 9:6, 7). അവൻ പറഞ്ഞു, "ഞാൻ ജീവന്റെ അപ്പം ആകുന്നു" (യോഹന്നാൻ 6:35), അഞ്ചു അപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചു. അവൻ പറഞ്ഞു, "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു" (യോഹന്നാൻ 11:25); പിന്നെ അവൻ മരിച്ച ലാസറെ ഉയിർപ്പിച്ചു (യോഹന്നാൻ 11:43,44).

## അവൻ പാപമില്ലാതെ ജീവിച്ചതുകൊണ്ട്

യേശുവിനെ അറിഞ്ഞവർ അവൻ പാപമില്ലാതെ ജീവിച്ചു എന്ന് അവകാശപ്പെട്ടിരുന്നു. ഈ മനുഷ്യർ ദൈവ ശ്വാസീയരായിരുന്നു!

> നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ, സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല, പാപമൊഴികെ സർവ്വത്തിനും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത് (എബ്രായർ 4:15).

> അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന യൊന്നും ഉണ്ടായിരുന്നില്ല (1 പത്രൊസ് 2:22).

അവന്റെ ജീവിതം മനസ്സിലാക്കിയവർ അവൻ *നല്ലവൻ* എന്ന് ഗണിച്ചിരുന്നു (ലൂക്കൊസ് 18:18). അവന്റെ ശത്രുക്കൾ പോലും, അവനിൽ നിരന്തരമായി കുറ്റം കണ്ടെത്തുവാൻ നോക്കി എങ്കിലും അവന്റെ നന്മയെ അറിഞ്ഞു. തന്നിൽ എന്തെങ്കിലും തെറ്റ് കണ്ടെത്തുവാൻ കഴിയുമോ എന്ന് അവൻ അവർക്ക് - ഒരു അസാധാരണ വെല്ലുവിളി നല്കി (യോഹന്നാൻ 8:46).

അവൻ മരിച്ചപ്പോൾ അവന്റെ നന്മ അറിയപ്പെട്ടു. ഒരു നിമിഷം പീലാത്തോസിന്റെ ഭാര്യയെ ശ്രദ്ധിക്കുക (മത്തായി 27:19), പീലാത്തോസിനെ (മത്തായി 27:23), ഹെരോദാവിനെ (ലൂക്കൊസ് 23:14), ക്രൂശിലെ കള്ളനെ (ലൂക്കൊസ് 23:41), ശതാധിപനെ (മത്തായി 27:54), യൂദയെപ്പോലും നോക്കുക (മത്തായി 27:4).

## ലോകത്തിലെ അവന്റെ ജീവിതം തുടർച്ചയായി സ്വാധീനിക്കപ്പെട്ടതുകൊണ്ട്

അവന്റെ ജീവിതത്തെ ആദരവോടെ സ്മരിക്കുന്ന പലതുണ്ട്: കർത്തൃ ദിവസം (വെളിപ്പാട് 1:10), കർത്തൃമേശ (1 കൊരിന്ത്യർ 11:20-29; മത്തായി 26:26-28), സ്നാനം (റോമർ 6:3-5), നമ്മുടെ കലണ്ടറുകളിലെ തീയതികൾ പോലും (ബി.സിയും എ.ഡിയും). അവൻ, ചോദ്യം കൂടാതെ ലോകത്തിന്റെ ഏറ്റവും വലിയ മനുഷ്യൻ - മനുഷ്യൻ കാണുന്ന മാഹാത്മ്യം കൂടാതെ തന്നെ. അവന് വലിയ പാരമ്പര്യമോ, ഔപചാരിക വിദ്യാഭ്യാസമോ (യോഹന്നാൻ 7:15), ധനമോ, രാഷ്ട്രീയമോ, സൈനികമായ ശക്തിയോ കായിക വൈദഗ്ധ്യമോ ഇല്ലായിരുന്നു; എങ്കിലും കഴിഞ്ഞ ഇരുപത് നൂറ്റാണ്ടുകളിലായി അവനുണ്ടായ സ്വാധീനശക്തിയെ ചോദ്യം ചെയ്യാൻ ആവാത്തതാണ്. അവൻ വെറുമൊരു മനുഷ്യനായിരുന്നുവെങ്കിൽ ഇന്ന് ലോകത്തിന് ഒരു വലിയ മനുഷ്യനെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ? ലോകത്തിന് രണ്ടായിരം വർഷങ്ങളുടെ നേട്ടങ്ങൾ നമ്മുടെ വിദ്യാഭ്യാസ അഭിവൃദ്ധിയാൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ലോകം നേതൃത്വത്തിനുവേണ്ടി ദാഹിക്കുകയാണ്. എല്ലാവർക്കും യേശുവിനെ നോക്കാൻ കഴിയുമോ; അവൻ തന്നെ വഴി. അവൻ എല്ലാവർക്കും എല്ലാമായിരുന്നോ ഇപ്പോഴും ആണ്. "അവന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്നത് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ് സമാധാന പ്രഭു" (യെശയ്യാവ് 9:6).

## ഉപസംഹാരം

തീർച്ചയായും, യേശു ദൈവപുത്രൻ തന്നെ. ഈ കാരണങ്ങളെ കൂടുതൽ പരിശോധിച്ചാൽ അവൻ ദൈവപുത്രനെന്ന് വിശ്വസിക്കാം. അവൻ അങ്ങനെ തന്നെ എന്ന് വിശ്വസിക്കുകയും, അവൻ മുഖാന്തിരം നിങ്ങളുടെ ജീവിതം ദൈവത്തിന് നല്കുകയും ചെയ്യുക.

## പഠനചോദ്യങ്ങൾ

(*അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ*)

1. ക്രിസ്ത്യാനിത്വത്തിന്റെ ഹൃദയത്തിൽ കിടക്കുന്ന ചോദ്യത്തിന്റെ സത്യം എന്ത്?
2. യേശുവിന്റെ ജനനം, ജീവിതം, മരണം വിശദമായി പ്രവചിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ നല്കുക?
3. യേശുക്രിസ്തുവിനെ സംബന്ധിച്ച പ്രവചനങ്ങൾ എന്താണ് തെളിയിക്കുന്നത്?
4. യേശു തന്നെക്കുറിച്ച് ധീരവും, അത്ഭുതാവഹവുമായ അവകാശങ്ങൾ നടത്തി അവയിൽ ചിലത് ഏതെല്ലാം?
5. യേശുവിന്റെ പ്രവൃത്തികൾ അവന്റെ വാക്കുകളുമായി എങ്ങനെ യോജിക്കുന്നു?
6. യേശുവിന്റെ നന്മ എങ്ങനെ അറിയപ്പെട്ടു എന്ന് ചില ഉദാഹരണങ്ങൾ നല്കുക?
7. യേശുവിന്റെ ജീവിതം എങ്ങനെയാണ് തുടർന്ന് ഈ ലോകത്തെ സ്വാധീനിക്കുന്നത്?

## വാക്ക് സഹായങ്ങൾ

**ആരോഹണം** - മുകളിലേക്ക് പോകൽ, ഉയർത്തൽ. ക്രിസ്തു മരിച്ച് അടക്കപ്പെട്ട ശേഷം, സ്വർഗ്ഗാരോഹണം ചെയ്ത് ദൈവസന്നിധിയിലേക്ക് മടങ്ങിയപ്പോൾ, സംഭവിച്ചതാണ് ആരോഹണം.

**ദൈവികത്വം** - ദൈവം; ദൈവസ്വഭാവം; ദൈവമായിരിക്കൽ.

**വംശാവലി** - മുൻഗാമികളെ വിവരിക്കൽ. യേശുവിന്റെ വംശാവലി (മത്തായി 1:1-16) ദൈവം വാഗ്ദാനം ചെയ്തവൻ അവൻ തന്നെ എന്ന് അവനെക്കുറിച്ച പ്രവചനവിവർത്തീകരണം തെളിയിച്ചു.

**കർത്തൃദിവസം** - ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ (ഞായറാഴ്ച) പുതിയ നിയമ സഭയുടെ ആരാധനയ്ക്കായി വേർതിരിച്ചിരുന്നു (പ്രവൃത്തി 20:7).

**കർത്തൃമേശ** - ഓർമ്മയ്ക്കായി പുളിപ്പില്ലാത്ത അപ്പം തിന്നുകയും മുന്തി

രിവള്ളിയുടെ അനുഭവത്തിൽ (മുന്തിരിച്ചാറ്) നിന്ന് കുടിക്കുകയും ചെയ്യുന്നതായ ഒന്നാണ് യേശു സ്ഥാപിച്ചത്. (നോക്കുക 1 കൊരിന്ത്യർ 11:20, 23-26.). ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും പുതിയ നിയമസഭ ഇത് ആചരിക്കുന്നു.

**ഉയിർത്തെഴുന്നേല്പ്** - മരിച്ച ഒരു വ്യക്തി എഴുന്നേറ്റ് ജീവിതത്തിലേക്ക് വന്നു. ഉയിർത്തെഴുന്നേല്പ് (യേശുവിന്റെ) തെളിയിക്കുന്നത് അവന് മരണത്തിന്മേൽ അധികാരമുണ്ടെന്നും തന്നെ അനുഗമിക്കുന്നവർ അവരുടെ ഈ ഭൗമിക ജീവിതശേഷം സ്വർഗ്ഗത്തിൽ അവനുമായി എന്നേക്കും ജീവിക്കാൻ കഴിയുമെന്നും തെളിയിക്കുന്നു.